## അമേരിക്കയിലൂടെ–12

# വില്ക്കാനുണ്ടു പള്ളികൾ

ഷേബാലി

അതിശയോക്തി കലന്ന ഭാഷയിൽ 'വരൂ അമേരിക്കയിൽ നേഴ്സാവാം' എന്ന ഒരു ലേഖനം ഈ അടുത്തിട മലയാള മനോരമയയിൽ പ്രത്യക്ഷപ്പെട്ടതു് വായിക്കുവാനിട വന്നിട്ടുള്ളവർ എൻെറ ഈ കുറിപ്പുകൾക്കു നേരെ കല്ലെറിഞ്ഞു് കത്തുകൾ അയച്ചു തുടങ്ങി.

ഓർത്തഡോക്സുകാരനും മറുനാടൻ മലയാളികളിലെ പ്രമുഖ സാഹിത്യകാരനുമായ അലക്സ് വേങ്കടത്താണ് ഈ ലേഖനം മനോരമയിലെഴുതിയതു്. അമേരിക്കൻ പര്യടനം എന്നിലുളവാക്കിയ പ്രതികരണമാണ് ഞാനീ കുറിപ്പുകളിൽ ചേർത്തിട്ടുള്ളതും. പക്ഷെ വേങ്കടത്തിൻെറ ലേഖനം വായിക്കാനിടയായ ഒരു ഹെറാൾഡ് വായനക്കാരൻ ഇങ്ങനെയാണ് പ്രതികരിച്ചതു്.

'മുന്തിരിങ്ങാ പുളിക്കും അല്ലേ! അമേരിക്കൻ പര്യടനത്തിനിടയിൽ അവിടെ ഗ്രീൻ കാർഡ് നേടി തങ്ങാനാഗ്രഹിച്ച് യാത്ര ചെയ്ത് അതു ലഭിക്കാതെ വന്നപ്പോൾ അമേരിക്ക പുളിച്ച ഒരു ഹതഭാഗ്യൻെറ ദീനവിലാപമാണ് താങ്കളുടെ വില്ക്കാനുണ്ട് പള്ളികൾ'. എന്താ എങ്ങനെയുണ്ടിക്കത്ത്. ഹെറാൾഡിനുവേണ്ടി പരസ്യം ശേഖരിക്കുവാൻ പരിശുദ്ധബാവാ തിരുമനസിലെ കല്പനയുമായി അമേരിക്കൻ ഭദ്രാസനത്തിലൂടെ യാത്ര ചെയ്ത എൻെറ സ്വപ്നം. അമേരിക്കയിലെ പച്ചയായ പുൽപ്പുറങ്ങളിൽ സ്വച്ഛമായി മേയുക എന്നതായിരുന്നു എന്നു വായനക്കാരൻ തെററിദ്ധരിച്ചാൽ ഈയുള്ളവൻ എന്തു പറയാൻ.

പക്ഷെ അലക്സ് വേങ്കടത്തിൻെറ ലേഖനം അതിശയോക്തി കലന്നതായിരുന്നു എന്നു തെളിയിക്കുന്ന ഒരു ലേഖനം ഏപ്രിൽ 14-ലെ മനോരമയിൽ തന്നെ പ്രത്യക്ഷപ്പെടുകയുണ്ടായി.

അമേരിക്കൻ മലയാളികളുടെ ജീവിത രീതിയെ നിജസ്ഥിതിയിൽ അവതരിപ്പിച്ചിരിക്കുന്നതു് ന്യൂയോർക്കിലെ ബ്രുക്കിലിനിൽ താമസിക്കുന്ന ഒരു ബാബു വർഗ്ഗീസാണ്.

എൻെറ യാത്രക്കുറിപ്പുകൾ അക്ഷരംപ്രതി സത്യമാണെന്നു തെളിയിക്കുന്നതായിരുന്നു 'ഭാഗ്യവതിയായ നേഴ്സാവാം... പക്ഷെ' എന്ന ആ ലേഖനം. ആ ലേഖനം മനോരമയോടുള്ള കടപ്പാടറിയിച്ചുകൊണ്ടുതന്നെ ഇവിടെ എടുത്തു ചേർക്കുന്നു.

പ്രിയപ്പെട്ട വായയക്കാർക്കു വേണ്ടി.

'വരൂ അമേരിക്കയിൽ നഴ്സാവാം' എന്ന അലക്സ് വേങ്കടത്തിൻെറ ലേഖനം കണ്ടു. വായിച്ചുകഴിഞ്ഞാൽ അമേരിക്കയിൽ നഴ്സാവാൻ ആരും കൊതിച്ചുപോകും. പക്ഷേ ആ ലേഖനത്തിൽ സത്യത്തിൻെറ മുഖം മുക്കാൽ ഭാഗം മൂടിവച്ചിരിക്കുകയാണ്.

ഒരു നഴ്സിനു് ആഴ്ചയിൽ 35 മണിക്കൂറാണ് ഇവിടെ ജോലി. മണിക്കൂറിനു പന്ത്രണ്ടര ഡോളർ കണക്കിൽ ലൈസൻസ്ഡ് പ്രാക്ടിക്കൽ നഴ്സിനു കിട്ടുന്നതു് ആഴ്ചയിൽ 438 ഡോളർ. അതിൽ മുപ്പതു ശതമാനത്തിലധികം ടാക്സ് കൊടുക്കണം. പിന്നെ കിട്ടുന്നതു മുന്നൂറുഡോളർ. കിട്ടുന്നതൊക്കെ പതിനഞ്ചുകൊണ്ടു ഗുണിച്ച് ആശ്വസിക്കാമെന്നുവച്ചാൽ കൊടുക്കുന്നതും അങ്ങനെ ഗുണിക്കണം. താമസിക്കാൻ ഒരു അപ്പാർട്ട്മെൻറിനു കൊടുക്കണം മാസം 600 ഡോളർ വാടക. ടെലിഫോൺ ബിൽ സാധാരണഗതിയിൽ 60 ഡോളർ ആകും. ഇലക്ട്രിസിററി ചാർജ്ജും ഗ്യാസ് വിലയും മററു വീട്ടുചെലവുകളും വേറെ.

പിന്നെ ഇവിടുത്തെ ജീവിതരീതിക്കു കാറില്ലാതെ പററില്ല. ഒരു സാധാരണ കാറിനാവും 16,000 ഡോളർ. ബാങ്കിൽ നിന്നു കടമെടുത്തു് അതു വാങ്ങാം. പ്രതിമാസം 400 ഡോളർ മുടങ്ങാതെ തിരിച്ചടയ്ക്കണമെന്നു മാത്രം.

ഭർത്താവിനും നല്ല ജോലിയുണ്ടെങ്കിൽ എത്രയുംവേഗം ഒരു വീടു വാങ്ങാനാണു മലയാളികൾ ശ്രമിക്കുക. സാമാന്യസൗകര്യങ്ങളൊത്തുവരുന്ന ഒരു വീടിനു രണ്ടു ലക്ഷം ഡോളർ കൊടുക്കണം. അതിൻെറ പത്തു ശതമാനമേ കൈയിലുള്ളുവെങ്കിലും വീടു വാങ്ങാം. ബാക്കി പണം ബാങ്കുകാർ തരും. ഒന്നരലക്ഷം ഡോളറെങ്കിലും കടമെടുക്കേണ്ടിവരും. 30 വർഷംകൊണ്ടു തിരിച്ചടച്ചാൽ മതി. പക്ഷേ പ്രതിമാസം ആ വകയിൽ 1500 ഡോളർ അങ്ങു മാറുമെന്നുമാത്രം.

എട്ടുമണിക്കൂർ ജോലികൊണ്ടു് ഇതൊന്നും നടക്കില്ല. പിന്നെ ഓവർടൈംതന്നെ ശരണം. നഴ്സാണെങ്കിൽ ഓവർടൈമിനു പഞ്ഞമില്ല. മിക്ക നഴ്സുമാരും ദിവസം പന്ത്രണ്ടും പതിനാറും മണിക്കൂർ ജോലി ചെയ്യുന്നവരാണ്.

ഒരു കുട്ടിയുണ്ടെങ്കിൽ അതും പ്രശ്നമാണ്. ആയയെ ഏപ്പെടുത്തിയാൽ ഒരു നല്ല തുക അവർക്കു പോകും. പിന്നെ ഒരു വഴിയേയുള്ളു. ഭാര്യ പകൽ ജോലിക്കു പോകുക. ഭർത്താവു രാത്രിയിലും. ആഴ്ചയിൽ ഒരിക്കൽമാത്രം തമ്മിൽ കാണുന്ന ഭാര്യാഭർത്താക്കന്മാർ ഇവിടെയുണ്ടു്.

ഇനി നഴ്സിൻെറ ജോലി. എയ്ഡ്സ് രോഗികൾ തിങ്ങി നിറയുന്ന ആശുപത്രികളിൽ ദിനംപ്രതി പന്ത്രണ്ടും പതിനാറും മണിക്കൂർ കഴിച്ചുകൂട്ടുന്നതു് എത്രമാത്രം അപകടകരമാണെന്നതു് ആലോചിച്ചുകൊള്ളുക. ഇവിടുത്തുകാർ നഴ്സ്പണിക്കു പോകാത്തതും അതുകൊണ്ടുതന്നെ.

കുട്ടികളുടെ കാര്യം: തിരക്കിട്ട ജീവിതത്തിനിടയിൽ മിക്ക ദമ്പതികൾക്കും മക്കളെ ശ്രദ്ധിക്കാൻ സമയം കിട്ടില്ല. ഫലമോ, മാതാപിതാക്കൾ അടിക്കുംവഴിയേ കുട്ടികൾ പോവില്ല. പിന്നെ പോകും വഴിയെ അടിക്കുകന്നെ. ഇവിടെയുണ്ടോ വഴികൾക്കു പഞ്ഞം! ഭാരതത്തെക്കുറിച്ചും ഭാരതീയരെക്കുറിച്ചും നമ്മുടെ കുട്ടികൾക്ക് ഇവിടെ പുച്ഛമാണ്. ഇന്ത്യയിൽ ആകെയുള്ളതു ദാരിദ്ര്യം മാത്രമാണെന്നാണ് അവരുടെ ചിന്ത. നാലും അഞ്ചും വർഷംകൂടി നാട്ടിലെത്തുമ്പോഴോ-വെള്ളമില്ല, കറൻറില്ല, സഹിക്കാനാവാത്ത ചൂടും. പോരേ പൂരം! നാടിനെപ്പററിയുള്ള വികലധാരണയ്ക്ക് ഇതൊക്കെ വളമാകും. ഇങ്ങനെ നാട്ടിലൊന്നു വരുമ്പോൾത്തന്നെ സ്വരൂപിച്ചുകൂട്ടിയതു മിക്കവാറും തീർന്നിരിക്കും.

നാട്ടിൽനിന്നു് ഒരു നഴ്സ് ഇവിടെ വന്നാലുടൻ ജോലിയിൽ പ്രവേശിക്കാമെന്നു ധരിക്കുന്നതും വിഡ്ഢിത്തമാണ്. ലൈസൻസ്ഡ് പ്രാക്ടിക്കൽ നഴ്സ് (എൽ. പി. എൻ ) പരീക്ഷ പാസാകുന്നതുപോലും ബുദ്ധിമുട്ടുള്ള കാര്യമാണ്. വർഷങ്ങളായി ഇതിനു കഴിയാത്തവർ ഏറെയുണ്ടു്. കമ്മീഷൻഓൺഗ്രാഡ്വേററ്സ് ഓഫ് ഫോറിൻ നഴ്സിംഗ് സ്കൂൾ (സി. ജി. എഫ്. എൻ. എസ്.) പരീക്ഷ പാസായാലേ റജിസ്റ്റേർഡ് നഴ്സായി ജോലി ചെയ്യാൻ പെർമിററ് കിട്ടൂ ഈ കടമ്പ കടക്കുന്നതും എളുപ്പമല്ലതന്നെ.

മാസം 56,000 രൂപ ഇവിടെ ഏതു നഴ്സിനാണു കിട്ടുന്നതെന്നു മനസിലാകുന്നില്ല. ആഴ്ചയിൽ 400 ഡോളർ കിട്ടിയാൽ അതിനെ 15 കൊണ്ടു ഗുണിച്ചുനോക്കാൻ ഒരു സുഖമുണ്ട് അതൊഴിച്ചാൽ കാര്യമൊന്നുമില്ലതന്നെ.

അമേരിക്കയിൽനിന്നു് ഒരു ചെറുക്കൻ കല്യാണാലോചനയുമായി വന്നാൽ രണ്ടു കൈയും നീട്ടി സ്വീകരിക്കാൻ അലക്സ് അഭ്യർത്ഥിക്കുന്നു. അതല്പം കടന്ന കൈയായി. രണ്ടു കൈയും നീട്ടുംമുമ്പ് ആളെപ്പററി ഒന്നു തിരക്കുക. ഇവിടെ ഭൂഗർഭ റെയിൽവേയിൽ ജോലിയാണെന്നവകാശപ്പെടുന്നവൻ ഒരുപക്ഷേ ബുക്ക് സ്റ്റാളിൽ മൂന്നു ഡോളർ ശമ്പളക്കാരനായിരിക്കും!

-ബാബു വർഗ്ഗീസ്
ബ്രൂക്ക്ലിൻ

പണ്ടിവിടെ തമ്പ്രാക്കന്മാർക്ക് അടിമവേലചെയ്യുന്ന അടിയാത്തുങ്ങളുണ്ടായിരുന്നു. .

അവർക്കു തീനിനു മുട്ടുവരുമ്പോൾ തമ്പ്രാക്കന്മാർ നെല്ലും മററു വിഭവങ്ങളും കടമായി നൽകുമായിരുന്നു കൊയ്ത്തു കഴിയുമ്പോൾ പലിശയുൾപ്പെടെ തമ്പ്രാക്കന്മാർ അടിയാത്തുങ്ങളുടെ പതം അളന്നെടുക്കുമ്പോൾ അവർ വീണ്ടും അടിമപ്പണിക്കു തങ്ങളെത്തന്നെ വിധേയപ്പെടുത്തിക്കൊടുക്കുന്ന പതിവ് നാം ഇനിയും മറന്നിട്ടില്ലല്ലോ. കാരണം അടിയാത്തുങ്ങൾ അപ്പോഴും തമ്പ്രാക്കളുടെ കടക്കാരാണല്ലോ എന്നതുതന്നെ. തൊട്ടതിനൊക്കെ കടംകിട്ടുന്ന അമേരിക്കയിൽ അതു വീട്ടാൻ മുപ്പതോ അൻപതോ വർഷത്തേക്ക് അടിമപ്പണി ചെയ്യാൻ വിധിക്കപ്പെടുകയല്ലെങ്കിൽ പിന്നെയെന്താണ്?

അമേരിക്ക സ്വപ്നംകാണുന്ന നമ്മുടെ യുവതീയുവാക്കൾ അവിടേക്കു പറക്കുമ്പോൾ ഇയ്യാംപാററകൾ എരിവിളക്കു ലക്ഷ്യമാക്കി പറക്കുംപോലെയാണെന്നു് ബാബുവർഗീസ് ബ്രൂക്കിലിൻതന്നെ പറയുന്നുണ്ടല്ലോ.

(തുടരും)

Best Compliments From

PARAGON RUBBER INDUSTRIES
P. B. No. 61, KOTTAYAM







V. C. George
Philadelphia




M/s Mathews Construction Company
Yonkers

## ചരമരജതജൂബിലി ചുങ്കത്തറയിൽ ആഘോഷിച്ചു

ചുങ്കത്തറ: കാലംചെയ്ത പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ചരമരജതജൂബിലിയാഘോഷം ഏ: 16 ഞായറാഴ്ച ചുങ്കത്തറ ബസേലിയോസ് നഗറിൽ നടന്നു.

ഉച്ചകഴിഞ്ഞുചേർന്ന പൊതുസമ്മേളനത്തിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ്, ബിഷപ്പ് ഡോ. ജേക്കബ് തൂങ്കുഴി, തോമസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, തോമസ് മാർ അത്താനാസ്യോസ് പൗലൂസ് മാർ മിലിത്തിയോസ് എന്നീ മെത്രാപോലീത്താമാരും സഭാ വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, കേന്ദ്രമന്ത്രിമാരായ എം. എം. ജേക്കബ്, എസ്. കൃഷ്ണകുമാർ, സംസ്ഥാന മന്ത്രി ടി. കെ. ഹംസ, തോമസ് കതിരവട്ടം എം. പി, ആര്യാടൻ മുഹമ്മദ്, പാലക്കാട് ജില്ലാ കളക്ടർ ജിജിതോംസൺ, മലപ്പുറം ജില്ലാകളക്ടർ ഇ. കെ. ഭരത്ഭൂഷൺ, സഭാ സെക്രട്ടറി പോരാമത്തായി, വർക്കി മരുതനാംകുഴി, പ്രൊഫ. എ. ഏ. ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു.

ആഘോഷക്കമ്മററി കൺവീനർ തോമസ് കെ. ചെറിയാൻ സ്വാഗതവും ഫാ. ഗീവർഗീസ് പൊന്നോല കൃതജ്ഞതയും പറഞ്ഞു



പരിശുദ്ധ ബാവാ തിരുമനസിലെ പ്രധാന കാർമ്മികത്വത്തിൽ മാർച്ച് 4–ന് കൂദാശ ചെയ്ത കീക്കൊഴൂർ സെൻറ് പീറേറഴ്സ് & സെൻറ് പോരംസ് പള്ളി.

## മെത്രാൻ...

1–ാം പേജിൽ നിന്നും തുടർച്ച

സാമ്പത്തികസഹായം നല്കിയിട്ടുണ്ടെന്ന് ബേബി അലക്സിൻെറ മറെറാരു ചോദ്യത്തിനുത്തരമായി സെക്രട്ടറി സഭയെ അറിയിച്ചു.

കഞ്ഞേഴ എം. ജി. ഡി. എം. ആശുപത്രിയുടെ ഭരണകാര്യങ്ങളിൽ ഇടപെടാൻ സഭയ്ക്കവകാശമുണ്ടെന്ന് അദ്ദേഹത്തിൻെറ മറെറാരു സംശയത്തിന് സെക്രട്ടറി വിശദീകരണം നൽകി.

## മാതൃപുരയ്ക്കൽ ഭദ്രാസന സെക്രട്ടറി

കോഴിക്കോട്: മലബാർ ഭദ്രാസനത്തിലെ ബാലികാ ബാലസമാജങ്ങളുടെ ഭദ്രാസന സെക്രട്ടറിയായി മാതൃപുരയ്ക്കലിനെ ഭദ്രാസനമെത്രാപ്പോലീത്താ നിയമിച്ചിരിക്കുന്നു സഭാമാനേജിംഗ് കമ്മററി അംഗംകൂടിയായ മാതൃപുരയ്ക്കൽ സഭയുടെ വിവിധ പ്രവർത്തനമണ്ഡലങ്ങളിൽ നേതൃത്വം നല്കിവരുന്നു.

## പരിശുദ്ധ ബാവാ

(1–ാം പേജിൽനിന്നുംതുടർച്ച)

കമ്മററിയെ ക്രമീകരിച്ചിട്ടുണ്ട്.

എല്ലാവരും അവർ കാലാകാലങ്ങളിൽ മുമ്പോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ച് ഈ ഉദ്യമം വിജയിപ്പിക്കണം.

മേൽപ്പട്ടക്കാർ സഭയുടെ ആസ്ഥാനമായ ദേവലോകത്തു വന്നാൽ താമസിക്കുവാനാവശ്യത്തിനുള്ള സ്ഥലസൗകര്യങ്ങൾ ഇപ്പോഴില്ല. ഈ കുറവ് പരിഹരിക്കുന്നതിന് അരമന കെട്ടിടത്തിൻെറ വടക്കുവശത്ത് കിഴക്കുപടിഞ്ഞാറായി ഒരു മൂന്നുനിലകെട്ടിടം പണിതാൽക്കൊള്ളാമെന്ന് നമുക്കാഗ്രഹമുണ്ട്. അതുപോലെ ഒരു ഓഡിറേറാറിയം പണിയുന്നതിന് ആരംഭിച്ചെങ്കിലും അതു പൂർത്തിയാക്കുവാൻ സാമ്പത്തികമായി പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്.

സമുദായ കേസ്സുകളുടെ കാര്യം നമ്മുടെ സജീവശ്രദ്ധയിൽ ഇരിക്കുന്ന ഒന്നാണ്. അത് മുൻപോട്ടുകൊണ്ടുപോകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

ഈ കാര്യങ്ങളൊക്കെ പറഞ്ഞതിനേക്കാളുപരിയായി നിങ്ങളേവരുടേയും പ്രാർത്ഥനാപൂർവ്വമായ ചിന്തയും സഹകരണവുമാണ് ആവശ്യം. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

## വിദേശത്തേയ്ക്ക്



## ഫിലിപ്പോസ് കോർ എപ്പിസ്കോപ്പാ

മുളന്തുരുത്തി: സ്ളീബാദാസ സമൂഹം ജനറൽ സെക്രട്ടറി ടി. വി. ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ സന്ദർശനാർത്ഥം അമേരിക്കക്കു പുറപ്പെട്ടു. ഏപ്രിൽ 3–ന് കൊച്ചിയിൽ നിന്ന് പുറപ്പെട്ട അദ്ദേഹം ഏതാനും ഗൾഫ് രാജ്യങ്ങൾ കൂടി സന്ദർശിച്ച ശേഷം മടങ്ങും.

## പ്രവേശനം നല്കുന്നു

എറണാകുളം: കിഴക്കമ്പലം സെൻറ് മേരീസ് കോൺവെൻറ് വക ബേതലഹേം ഗേൾസ് ഹൈസ്കൂളിനോടനുബന്ധിച്ചുള്ള ബോർഡിംഗ് ഹോമിൽ വിദ്യാർത്ഥിനികൾക്ക് പ്രവേശനം ലഭിക്കുന്നതാണ്. ഉന്നത വിജയനിലവാരം പുലർത്തുന്ന സ്കൂളും ബോർഡിംഗ് ഹോമും കന്യാസ്ത്രീകളുടെ ചുമതലയിൽ നടക്കുന്നതാണ്. 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ ഫാ. ജോർജ് പട്ടലാട്ട്, ഹെഡ് മാസ്റ്റർ, ബേത്ലഹേം G.H.S. കിഴക്കമ്പലം–683 562 എന്ന വിലാസത്തിൽ എഴുതുക.

## മലങ്കര എക്യുമെനിക്കൽ സൊസൈററി തിരുവല്ല-കോഴഞ്ചേരി P. O.

### അപേക്ഷകൾ ക്ഷണിക്കുന്നു

ടി സൊസൈററിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ ഭാഗമായി താഴെ പറയുന്ന കോഴ്സുകൾ വിവിധ സ്ഥലങ്ങളിൽ നടത്തുന്നു.

- വനിതാ മോട്ടോർ ഡ്രൈവിംഗ്: കോഴഞ്ചേരി മാത്രം.
- സെക്രട്ടേറിയൽ കോഴ്സ്: കോഴഞ്ചേരി, കൊട്ടാരക്കര, ആയൂർ
- ഹോംസയൻസ്: കോഴഞ്ചേരി, കൊട്ടാരക്കര, ആയൂർ, നെയ്യാററിൻകര
- പ്രീ പ്രൈമറി/നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്: തിരുവല്ലാ, കോഴഞ്ചേരി, കൊട്ടാരക്കര, ആയൂർ (ചെറുവക്കൽ), നെയ്യാററിൻകര, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ അടുത്ത ബാച്ച് ജൂണിൽ ആരംഭിക്കുന്നു. കുറഞ്ഞ ചിലവിൽ താമസ സൗകര്യം. വിശദവിവരങ്ങളടങ്ങിയ പ്രോസ്പക്ടസിനും അപേക്ഷാ ഫാറത്തിനും 10 രൂപയുടെ M. O. സൊസൈററി ഭരണ സമിതിക്കുവേണ്ടി മാനേജിംഗ് ഡയറക്ടറുടെ പേർക്ക് അയക്കേണ്ടതാണ്.

N. B. കോഴ്സ് പൂർത്തിയാക്കുന്നവക്ക് സൊസൈററി നൽകുന്ന സർട്ടിഫിക്കറ്റുകൾ മാത്രമായിരിക്കും (പ്രവേശനം വനിതകൾക്ക് മാത്രം)

N. B. പള്ളികളോടനുബന്ധിച്ചുള്ള സ്ഥാപനങ്ങളിൽ ഈ കോഴ്സുകൾ നടത്താൻ ആഗ്രഹിക്കുന്നവർ (ഇപ്പോൾ ഇല്ലാത്ത സ്ഥലങ്ങളിൽ) വിവരം അറിയിക്കുക.





George Thomas
Illinoil




Johnson Geevarghese
New York




St. Gregorios Orthodox Church
Houston





### വൈവാഹികം

4'8'' പൊക്കം; ഇരുനിറം; സാമാന്യസൗന്ദര്യം; യു. പി. സ്കൂൾ അദ്ധ്യാപിക; 28 വയസ്സ്; മെച്ചമായ സാമ്പത്തിക-നിലയില്ലാത്തതുമായ യുവതിക്ക് ഉദ്യോഗവും, സൽസ്വഭാവവുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

Box– 1080, Orthodox Herald Devalokam–686 038

Edited & Published by Shebaly, Printed by Rev. C K Joseph Ramban on behalf of M O C. F. C. F. Printed at Archana Offset Printers Collectorate P O Kottayam-2 Manager Fr Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon Chief) Editor Dr Samuel Chandanappally, Associate Editor Fr C A Issac, Office Address: Malankara Orthodox Herald Devalokam Kottayam-686 038